**നിയമനിർമ്മാണ കാര്യം (തുടർച്ച)**

ശ്രീ. എം. രാജഗോപാലൻ: നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായിട്ടുള്ള വിവിധ ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, സ്വയംസഹായ സംഘങ്ങൾ മുതലായവയെല്ലാം ഉൾപ്പെടെയുള്ള, പൊതുജന താൽപര്യാർത്ഥവും സംഘാംഗങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകിയും പൊതുജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ രജിസ്ട്രേഷനും ഭരണനിയന്ത്രണവും നടത്തുന്നത് പഴയ ആക്ടുകളുടെ പിൻബലത്തിലായിരുന്നു. പുതിയ രജിസ്ട്രേഷൻ ആക്ട് ഏകോപിപ്പിക്കേണ്ടതിന്റെ അനിവാര്യത നമ്മെ ബോധ്യപ്പെടുത്തുന്നതാണിത്. ഇത്രയും പ്രാധാന്യത്തോടുകൂടി ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത് 1860-ലെ 21, 1955-ലെ 12 എന്നീ നമ്പർ ആക്ടുകളാണ്. സംഘങ്ങളുടെ പ്രവർത്തനം, ഭരണനിർവഹണം, നിയന്ത്രണം ഇവയെല്ലാം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഈ ആക്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ബന്ധപ്പെട്ട ആക്ടിലെ പരിമിതമായ വ്യവസ്ഥകൾ പ്രകാരമാണ് കഴിഞ്ഞ കാലങ്ങളിൽ

നടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നത്. സംഘങ്ങൾ ഒരു വർഷത്തെ റിട്ടേൺസ് ഫയൽ ചെയ്യുന്നതിൽ ഏതെങ്കിലും കാരണത്താൽ വീഴ്ച വരുത്തിയാൽ അങ്ങനെയുള്ള സംഘങ്ങളുടെ റിട്ടേൺസ് ഫയൽ ചെയ്ത് അവയുടെ പ്രവർത്തനം ക്രമവൽക്കരിക്കുന്നതിന് പ്രത്യേകം സർക്കാർ ഉത്തരവ് ആവശ്യമാണ്. എന്നാൽ 1955-ലെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംഘം റിട്ടേൺസ് ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ, ഈ ആക്ടിലെ വ്യവസ്ഥ പ്രകാരം നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ സർക്കാർ നിശ്ചയിക്കുന്ന പിഴയൊടുക്കി അവയുടെ പ്രവർത്തനം നിയമപരമായി തുടരാവുന്നതാണ്. 1860-ലെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അത്തരം സംഘങ്ങളുടെ റിട്ടേൺസ് ഫയലിങ് ക്രമവൽക്കരിക്കുന്നതിനുള്ള പ്രത്യേക ഉത്തരവിനായി സർക്കാരിലേയ്ക്ക് അപേക്ഷകൾ നിരന്തരം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ധാരാളം സംഘങ്ങൾ ഇങ്ങനെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി ഇതിൽനിന്നും മനസിലാക്കാം. അത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനോ പ്രവർത്തനരഹിതമായ സംഘങ്ങളെ രജിസ്റ്ററിൽനിന്ന് നീക്കം ചെയ്യുന്നതിനോ നിലവിലെ ആക്ടുകളിൽ യാതൊരു വ്യവസ്ഥയുമില്ല. ഇതും ഒരു ദൗർബല്യമാണ്.

സംഘാംഗങ്ങൾക്കിടയിലുണ്ടാകുന്ന ഭിന്നാഭിപ്രായങ്ങളും താൽപ്പര്യങ്ങളും കാരണം പല ഘട്ടങ്ങളിലും തർക്കങ്ങളുണ്ടാകുന്നുണ്ട്. അങ്ങനെ തർക്കങ്ങളുണ്ടായാൽ അത് പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നുംതന്നെ നിലവിലെ ആക്ടിൽ ഉൾപ്പെടുന്നില്ല. തർക്കങ്ങൾ കോടതി മുഖേന മാത്രമെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടുതന്നെ നിസ്സാര തർക്കങ്ങളും ഭിന്നാഭിപ്രായങ്ങളുംപോലും കേസുകൾക്ക് കാരണമാകുന്ന സ്ഥിതിയും ഉണ്ടായിരുന്നു. ഇതുമൂലം സംഘങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾ തടസപ്പെടുന്ന സ്ഥിതിയാണുണ്ടായിരുന്നത്. അതെല്ലാം കണക്കിലെടുത്താണ് ഇതിന്റെ ഏകോപനത്തെക്കുറിച്ച് സർക്കാർ ആലോചിച്ചത് എന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിൽ സൊസൈറ്റി രജിസ്ട്രേഷനും അതിന്റെ നിയന്ത്രണവും ഏകീകരിക്കുന്നതിന് ഒരു ഏകീകൃത നിയമം നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇതിനെ സമീപിച്ചിട്ടുള്ളത്. കാലോചിതമായിട്ടുള്ള മാറ്റങ്ങളും കൂടുതൽ വ്യക്തതയുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തി കേരളത്തിൽ കല, കായികം, സാഹിത്യം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക്

Uncorrected/Not for publication
16-09-2025

പ്രോത്സാഹനമാകുന്ന വിധത്തിലാണ് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ അവതരണത്തിന്റെ കാലഘട്ടത്തെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. സമൂഹത്തിലെ സമസ്ത വിഭാഗം ജനങ്ങളുടെയും സാംസ്കാരിക അഭിരുചി ലക്ഷ്യംവച്ചുകൊണ്ട് കല, സാഹിത്യ, സാംസ്കാരിക രംഗത്ത് പ്രവർത്തനം നടത്തുന്ന കൂട്ടായ്മകളുണ്ട്. ഈ കൂട്ടായ്മകളെയെല്ലാം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന രീതിയിലുള്ള രജിസ്ട്രേഷൻ ഉണ്ടായാൽ മാത്രമെ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനങ്ങളിലേയ്ക്ക് സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള സാഹചര്യം ഒരുക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ആധികാരികതയുണ്ടാകണമെങ്കിൽ രജിസ്ട്രേഷന്റെ കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതുണ്ട്. നമ്മുടെ വർത്തമാനകാല യുവത്വം വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ആ ഘട്ടത്തിൽ യുവാക്കളിൽ ദിശാബോധം നൽകാനും സാംസ്കാരിക അവബോധം വളർത്തിയെടുക്കാനുമെല്ലാമുള്ള കൂട്ടായ്മകൾ ശാക്തീകരിക്കപ്പെടണം. അതിനായി ഗ്രാമഹൃദയങ്ങളിൽ പ്രവർത്തിക്കുന്ന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളും കലാസാംസ്കാരിക സംഘടനകളും

വായനശാലകളും ഉൾപ്പടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ സംഘടനാ സംവിധാനങ്ങളുണ്ട്. ഈ സംഘങ്ങൾക്കെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കുക എന്നുള്ളതുകൂടിയാണ് സാങ്കേതിക കുരുക്കുകൾ ഒഴിവാക്കുന്നതിന് പിന്നിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജനപക്ഷത്തുനിന്നുകൊണ്ട് ബില്ലിന്റെ ഏകീകരണമാണ് ഇവിടെ നടക്കുന്നത്.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഓരോ നിയമവും ജനവിരുദ്ധമായിട്ടാണ് മുന്നോട്ടുപോകുന്നത്. കൺകറന്റ് ലിസ്റ്റുമായി ബന്ധപ്പെട്ട പല തീരുമാനങ്ങളും വന്നപ്പോൾ, ഉദാഹരണത്തിന്, സഹകരണ മേഖലയുമായി ബന്ധപ്പെട്ട മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ കേന്ദ്രത്തിന്റെ ഒരു കടന്നുകയറ്റമായിരുന്നു. 2022-ലാണ് നിയമ ഭേദഗതിയിൽ മാറ്റം വരുത്താനുള്ള ശ്രമം മോദി സർക്കാർ തുടങ്ങുന്നത്. അക്ഷരാർഥത്തിൽ അതൊരു ധൃതരാഷ്ട്രാലിംഗനമാണെന്ന് നമുക്ക് വിശേഷിപ്പിക്കാൻ കഴിയും. ഭരണഘടനയെയും രാജ്യത്തിന്റെ നിയമ വ്യവസ്ഥയെയും അട്ടിമറിക്കുന്ന കേന്ദ്ര സർക്കാർ നടപടികളിൽ ഏറ്റവും ഒടുവിലത്തേതാണ് മൾട്ടി സ്റ്റേറ്റ്

കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബിൽ. 2021, ജൂലൈ 20-ന് 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ഭരണഘടനാ ബഞ്ചിന്റെ വിധിയിൽ സഹകരണ രംഗം സംസ്ഥാന വിഷയമാണെന്ന് കോടതിതന്നെ വ്യക്തമാക്കിയിരുന്നു. കേന്ദ്ര സർക്കാരിനേറ്റ ഈ തിരിച്ചടി മറികടക്കുകയാണ് പുതിയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബില്ലിന്റെ ലക്ഷ്യം. സഹകരണ സംഘവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ പരിശോധിച്ചാൽ, സഹകരണ സംഘങ്ങൾക്ക് വരുംനാളുകളിൽ സംസ്ഥാനം കടന്ന് ലയിക്കാം എന്ന ഒരു നിയമത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത് എന്ന് മനസിലാക്കാം. ഒന്നിലേറെ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നിയമത്തിൽ കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ള ഭേദഗതി കേരളത്തെയും ബാധിക്കും. സംസ്ഥാന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിന് ബഹുസംസ്ഥാന സഹകരണ സംഘത്തിൽ ലയിക്കാമെന്നാണ് പുതിയ വ്യവസ്ഥ. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തെ സംഘം രജിസ്ട്രേഷൻ ഏറ്റവും ശ്രദ്ധേയമായ രീതിയിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഒട്ടേറെ കാരണങ്ങളുണ്ട്. കേരളത്തിലെ

രജിസ്ട്രേഷൻ വകുപ്പ് വൈജ്ഞാനിക കേരളത്തിന് അനുയോജ്യമായ വിധത്തിൽ പുതിയ മേഖലകളെയെല്ലാം പ്രയോജനപ്പെടുത്തുകയാണ്. ആധാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ സംവിധാനം നടപ്പിലാക്കി. അതുപോലെ, ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമൊരുക്കാൻ നമുക്ക് കഴിഞ്ഞു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന സ്ഥിതിയുണ്ടായി. ഫീസ് അടയ്ക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വന്നു. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാമെന്നുള്ള തീരുമാനമുണ്ടായി. മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിങ് സൗകര്യവും എല്ലാ സേവനങ്ങൾക്കും ഇ-പോസ്, ഇ-പേയ്മെന്റ് സംവിധാനവും നിലവിൽ വന്നു. ആധാരം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ പോക്കുവരവ് നടപടികൾക്കുള്ള വിവരങ്ങൾ ഓൺലൈനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്നു. വയനാട് ദുരന്തത്തിൽ ആധാരങ്ങൾ നഷ്ടപ്പെട്ടുപോയവർക്ക് അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കാൻ ഉത്തരവ്

പുറപ്പെടുവിച്ചു. അങ്ങനെ ഓരോ ഘട്ടത്തിലും എല്ലാ മേഖലയിലും വളരെ ശ്രദ്ധേയവും കാലികപ്രസക്തവുമായ രീതിയിൽത്തന്നെ ഇടപെട്ട് പ്രവർത്തിക്കാൻ കേരളത്തിലെ രജിസ്ട്രേഷൻ വകുപ്പിന് കഴിയുന്നുണ്ട്. സംഘം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സർക്കാരിന്റെ തീരുമാനം വളരെ പ്രശംസനീയവും അഭിനന്ദനം അർഹിക്കുന്നതുമാണ്. ഇവിടെ പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോയി. രാഷ്ട്രീയ പ്രശ്നങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ വലിയൊരു ചർച്ച നടക്കുകയുണ്ടായി. രാഷ്ട്രീയ നാണക്കേട് മാത്രം കൈമുതലാക്കിയിട്ടുള്ള യു.ഡി.എഫ്. സംവിധാനം പുതിയ കാലത്തിൽ ഒരു അനിശ്ചിതകാല സത്യാഗ്രഹത്തിൽ അഭയം പ്രാപിക്കുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പോലീസിനെക്കുറിച്ചാണ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചത്. കേരളത്തിലെ പോലീസ് ഒന്ന് പിടിമുറുക്കിയാൽ കേരളത്തിലെ യു.ഡി.എഫ്. നേതാക്കളുടെ കഥ കഴിയും. ആ രീതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. പോലീസ് ഏറ്റവും ക്രൂരമായി നിരപരാധികളും നിഷ്കളങ്കരുമായ വിദ്യാർഥി വേട്ട നടത്തിയിട്ടുള്ള ഒരു അനുഭവം കേരള സംസ്ഥാനത്തിലുണ്ടായിരുന്നു. ഒരു കാലത്ത് കേരളത്തിലെ വിദ്യാർഥികളുടെ ചോരത്തുള്ളികളും

മാംസച്ചീളുകളുമെല്ലാം തെരുവോരങ്ങളിൽ ചിതറി വീണപ്പോൾ അന്നും കേരളത്തിന് ഒരു ആഭ്യന്തര വകുപ്പുമന്ത്രിയുണ്ടായിരുന്നു. ശ്രീ. വയലാർ രവി എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അദ്ദേഹം അന്ന് പറഞ്ഞത് കേരളത്തിലെ പോലീസിന് ലാത്തി കൊടുത്തിരിക്കുന്നത് ഓടക്കുഴൽ വിളിക്കാനല്ല, വിദ്യാർഥികളെ അടിച്ചൊതുക്കാനാണ് എന്നായിരുന്നു. കേരളത്തിൽ ഇന്ന് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. പിണറായി വിജയനും മുമ്പ് കൈകാര്യം ചെയ്തിരുന്ന കോടിയേരി ബാലകൃഷ്ണനും ഈ കേരളത്തിൽ പോലീസിനെ കാര്യക്ഷമമായി പ്രവർത്തിക്കാനും ജനസേവകരായി ജനങ്ങളുടെ പ്രായോഗിക അനുഭവത്തിൽ തെളിയിച്ചുകൊടുക്കാനും നേതൃത്വം നൽകിയ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള മന്ത്രിമാരാണ്. ' Polite Obedient Loyal Intelligent Courageous Efficient' എന്നിങ്ങനെ അക്ഷരാർഥത്തിൽ POLICE എന്ന വാക്കിനെ അന്വർഥമാക്കുന്ന രീതിയിൽ കേരളത്തിലെ പോലീസിനെ കാര്യക്ഷമമാക്കിക്കൊണ്ട് മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സർക്കാരാണിത്. അതേസമയം തെറ്റ് ചെയ്യുവരുണ്ടെങ്കിൽ അവരെ ശിക്ഷിക്കാനുള്ള ആർജ്ജവവും കരുത്തുമുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്.

തീർച്ചയായും കേരളത്തിൽ ജനക്ഷേമപദ്ധതികളും വികസന ക്ഷേമ പ്രവർത്തനങ്ങളും നടത്തി വിസ്മയകരമായ വികസന മുന്നേറ്റങ്ങളിലൂടെ ചരിത്രം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാർ ഇതുപോലെയുള്ള വിവിധ മേഖലകളിൽ ജനോപകാരപ്രദമായി ജനങ്ങളുടെ നന്മയെയും സാമൂഹിക പുരോഗതിയെയും മുൻനിർത്തിയുള്ള ഇടപെടലുകൾ അത് നിയമഭേദഗതിയായാലും നിയമനിർമ്മാണമായാലും ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കി മുന്നോട്ടുപോകുകയാണ്. അത്തരമൊരു ഇടപെടലിന്റെ ഭാഗമായിട്ടുകൂടിയാണ് ഈ ഏകീകരണത്തെ കാണുന്നത്. ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ശശി: സർ, വളരെ സുപ്രധാനമായ ഒരു കാര്യമാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്ന 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിലൂടെ രജിസ്ട്രേഷൻ വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പഴയ മലബാർ പ്രദേശത്തിന് മാത്രം ബാധകമായ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിനും പഴയ തിരുവിതാംകൂർ– കൊച്ചി സംസ്ഥാനത്തിന് ബാധകമായ 1955-ലെ തിരുവിതാംകൂർ– കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിനും പകരം ഒരു ഏകീകൃത

നിയമത്തിന് രൂപം നൽകുക എന്നതാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള രണ്ട് ആക്റ്റുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് സംഘങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. വളരെ ശ്രദ്ധേയമായ സ്ഥാപനങ്ങൾ തുടങ്ങി പ്രാദേശികമായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾ വരെ ഇതിലുൾപ്പെടും. കേരള ക്രിക്കറ്റ് അസോസിയേഷൻ, കേരള സാഹിത്യ അക്കാദമി, ചിന്മയ മിഷൻ, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, അഖില ഭാരതീയ അയ്യപ്പ സേവാസംഘം, കേരള ഗാന്ധി സ്മാരക നിധി, ശാന്തിഗിരി ആശ്രമം, ഇൻഫർമേഷൻ കേരള മിഷൻ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും കേരള ഐ.എ.എസ്. ഓഫീസേഴ്സ് അസോസിയേഷൻ ഉൾപ്പെടെ വിവിധ സർക്കാർ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങളും റസിഡന്റ്സ് അസോസിയേഷനുകൾ, ചെറുതും വലുതുമായ ക്ലബ്ബുകൾ, സ്വയം സഹായ സംഘങ്ങൾ ഉൾപ്പെടെ പൊതുജന താൽപര്യവും സംഘാംഗങ്ങളുടെ ക്ഷേമവും ലക്ഷ്യമാക്കി പൊതുജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ രജിസ്ട്രേഷനും ഭരണ നിയന്ത്രണവും നടത്തുന്നതിന് രൂപീകരിച്ച രണ്ട് ആക്റ്റുകളുടെ പിൻബലത്തിലാണ് നടത്തിപോരുന്നത്. ഈ ആക്റ്റുകളിൽ

ഉൾപ്പെടുത്തിയിട്ടുള്ള പരിമിതമായ വ്യവസ്ഥകൾ മാത്രം ഉപയോഗിച്ചാണ് ഇതിലെ നടപടികൾ സ്വീകരിച്ചുപോരുന്നത്. സംഘങ്ങൾ യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതെ വന്നാൽ നിലവിലുള്ള രണ്ട് ആക്റ്റുകളിലും വ്യത്യസ്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. 1860-ലെ ആക്റ്റ് പ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അത് ക്രമീകരിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക ഉത്തരവ് ആവശ്യമാണ്. എന്നാൽ 1955-ലെ ആക്റ്റ് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന സർക്കാർ നിശ്ചയിക്കുന്ന പിഴ ഈടാക്കി അവയുടെ പ്രവർത്തനം തുടരാൻ അനുവദിക്കുന്നു. കേരളത്തിൽ അഞ്ച് ലക്ഷത്തിൽപ്പരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിൽ ഒരു ലക്ഷത്തോളം സംഘങ്ങൾ മാത്രമാണ് നിയമാനുസരണം റിട്ടേൺ ഫയൽ ചെയ്യുന്നത്. ബാക്കിയുള്ളവയിൽ 1860-ലെ ആക്റ്റ് പ്രകാരം ക്രമവൽക്കരിക്കാനുള്ള അപേക്ഷകൾ നിരന്തരം സർക്കാരിലേക്ക് വരികയും അതിന്മേൽ നടപടി സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. അതുപോലെതന്നെ 1955-ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രയോജനപ്പെടുത്തി ക്രമവൽക്കരിച്ച് നൽകുന്നുണ്ട്. എന്നാൽ റിട്ടേൺ ഫയൽ ചെയ്യാതെ ധാരാളം

സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. അത്തരം സംഘങ്ങളെ കണ്ടെത്തി അവയെ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുന്നതിന് നിലവിലെ ആക്ടിൽ യാതൊരു വ്യവസ്ഥയും ഇല്ല. ഈ ആക്ടുകളുടെ തണലിൽ പുതുക്കാതെയും വ്യാജ പേരിൽ പ്രവർത്തിക്കുന്നതുമായ നിരവധി കടലാസ് സംഘങ്ങളും ഇന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. അങ്ങനെയുള്ളവ പലതരം തട്ടിപ്പുകളുടെ കേന്ദ്രമായി മാറുന്നതായി കണ്ടുവരുന്നു. ഇതിനെയെല്ലാം നിയന്ത്രിക്കാനും കാര്യക്ഷമമാക്കാനും സംസ്ഥാനത്തിനാകെ ബാധകമായ ഒരു നിയമമുണ്ടാക്കുക എന്നതാണ് ഈ ബില്ലിലൂടെ ലക്ഷ്യമാക്കുന്നത്. അതിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ കലാ-കായിക-സാഹിത്യ-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ ബിൽ ലക്ഷ്യമിടുന്നു. 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിലൂടെ മേല്പറഞ്ഞ കാര്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഈ ബില്ല് സെലക്ട് കമ്മിറ്റിയുടെ പരിഗണനനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാന്യരായ കടകംപള്ളി സുരേന്ദ്രൻ, എം. രാജഗോപാലൻ, വി. ശശി തുടങ്ങിയ സുഹൃത്തുകൾ ഇവിടെ അവരുടെ പ്രസംഗങ്ങളിൽ സൂചിപ്പിച്ച നിർദേശങ്ങളും പരാമർശങ്ങളും അതിന്റെ പൂർണ്ണരൂപത്തിൽ ഉൾക്കൊണ്ടുകൊണ്ട് നിയമം നടപ്പാക്കുന്ന രംഗത്ത് ഫലപ്രദമായും ഗുണകരമായ നിലയിലും ഉൾപ്പെടുത്തുന്നതാണ്. മറ്റ് കാര്യങ്ങളെക്കുറിച്ച് കൂടുതൽ സംസാരിക്കേണ്ട കാര്യമില്ല. ഇവിടെ അവതരിപ്പിച്ച 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിന്റെ പ്രാധാന്യവും പ്രസക്തിയുമെല്ലാംതന്നെ ഞാൻ ആമുഖമായി പറയുകയും സമഗ്രമായി ഈ ബില്ലിന്റെ ആവശ്യകത സൂചിപ്പിക്കുകയുമുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ മുഖ്യമായി പ്രവർത്തിക്കുന്ന ഒരു ഘടകമെന്ന നിലയ്ക്കും ഇതിന്റെ സാർവത്രികതയും ജനകീയതയും കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കത്തക്ക നിലയിൽ ഒരു പുതിയ നിയമം ആവശ്യമായിട്ടുണ്ടെന്ന ചരിത്രപരമായ ഉത്തരവാദിത്വമാണ് ഇക്കാര്യത്തിൽ നിർവഹിച്ചിട്ടുള്ളത്. ആമുഖമായി പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ കൂടുതൽ ഇപ്പോൾ കൂട്ടിച്ചേർക്കാനില്ലാത്തതുകൊണ്ട് ഇവിടെ ബഹുമാന്യരായ സുഹൃത്തുകൾ ചൂണ്ടിക്കാണിച്ച നിർദേശങ്ങളും അഭിപ്രായങ്ങളും ആ നിലയിൽ

പരിഗണിക്കുകയും അവരെ അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയുമാണ്. അതിനാൽ അധികം ദീർഘിപ്പിക്കാതെ 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ല് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ, '2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ' പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ, '2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി

പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 17-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 17-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.)

******